## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1725 18.06.2012 ലെ മറുപടിയ്ക്ക്

### ഭാഗ്യക്കുറിയുടെ പാക്കിംഗ് വിതരണ സംവിധാനങ്ങൾ

ചോദ്യം
ശ്രീ. കെ. രാധാകൃഷ്ണൻ

ഉത്തരം

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള ഭാഗ്യക്കുറി വകുപ്പിൽ പ്രസ്സുകളിൽ അച്ചടിക്കുന്ന ടിക്കറ്റുകൾ പാക്ക് ചെയ്യുവാനും ജില്ലാ ആഫീസുകളിൽ വിതരണം ചെയ്യുവാനും നിലവിലുള്ള സംവിധാനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | വകുപ്പിലെ അറ്റൻഡർ -കം-പാക്കർ തസ്തികയിലുള്ള ജീവനക്കാരും, ക്ലാസ് III, ക്ലാസ് IV ജീവനക്കാരും പ്രസ്സുകളിൽ പോയി മുൻകൂറായി തയ്യാറാക്കിയിട്ടുള്ള ടിക്കറ്റ് വിതരണപട്ടികയനുസരിച്ച് ഓരോ ഓഫീസിലേയ്ക്കുമുള്ള ടിക്കറ്റുകൾ പ്രത്യേകം പാക്ക് ചെയ്യുന്നു. അതത് ജില്ലാ ഓഫീസുകളിലെത്തിയ്ക്കുന്നതിനായി വകുപ്പുമായി കരാറിലേർപ്പെട്ടിട്ടുള്ള വാഹനത്തിൽ വകുപ്പിലെ ജീവനക്കാരന്റെ ചുമതലയിൽ ടിക്കറ്റുകൾ എല്ലാ ജില്ലാ ഓഫീസുകളിലുമെത്തിയ്ക്കുന്ന സംവിധാനമാണ് നിലവിലുള്ളത്. |
| (ബി) | വകുപ്പിൽ ഈ ജോലികൾ നിർവ്വഹിക്കുന്ന അറ്റന്റർ-കം-പാക്കർ തസ്തികയിലെ ജീവനക്കാരുടെ എണ്ണം എത്രയാണ് ; | (ബി) | 20 പേർ. |
| (സി) | ടിക്കറ്റുകൾ പാക്ക് ചെയ്ത് വിതരണം ചെയ്യുന്നതിന് നിലവിലുള്ള ജീവനക്കാരെ ഒഴിവാക്കി മറ്റാരെയെങ്കിലും ചുമതല ഏൽപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ ; | (സി) & (ഡി) | ഉണ്ട്. നിലവിലുള്ള ജീവനക്കാർ അപര്യാപ്തമായതിനാൽ, ദിനംപ്രതിയുള്ള പാക്കിംഗ്,വിതരണം എന്നിവയ്ക്കുള്ള സാദ്ധ്യത ടിക്കറ്റ് അച്ചടിക്കുന്ന പ്രസ്സുകളോട് ആരാഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വകുപ്പ് ആരംഭിച്ച കാലം മുതൽ കാര്യക്ഷമമായും കുറ്റമറ്റരീതിയിലും വകുപ്പിലെ തന്നെ ജീവനക്കാർ നേരിട്ട് ചെയ്തു വരുന്ന ഈ ജോലി പുറമെയുള്ളവരെ ഏൽപ്പിക്കുവാനുള്ള നടപടികൾ ഒഴിവാക്കുമോ ; | | |
| (ഇ) | ഇപ്രകാരമുള്ള ജോലികൾ പുറമെ ഏൽപ്പിക്കുന്നതു വഴി ജീവനക്കാരുടെ നിലനിൽപ്പിനെ ബാധിക്കുന്ന നടപടികൾ ഒഴിവാക്കുമോ ? | (ഇ) | ജീവനക്കാരുടെ നിലനിൽപ്പിനെ ബാധിക്കുന്ന വിധത്തിലുള്ള യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**